08.12.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 13-02-2003

# വർത്തമാന സമയത്ത് തന്റെ ദയാമനസ്ക, ദാതാ സ്വരൂപം പ്രത്യക്ഷമാക്കൂ

ഇന്ന് വരദാദാവായ ബാബ തന്റെ ജ്ഞാനദാതാ, ശക്തി ദാതാ, ഗുണദാതാ, പരമാത്മ സന്ദേശവാഹക കുട്ടികളെ കാണുകയാണ്. ഓരോരോ കുട്ടിയും മാസ്റ്റർ ദാദാവായി ആത്മാക്കളെ ബാബയുടെ സമീപം കൊണ്ടുവരാനുള്ള പ്രയത്നം ആത്മാർത്ഥതയോടെ ചെയ്യുകയാണ്. വിശ്വത്തിൽ അനേക തരത്തിലുള്ള ആത്മാക്കൾ ഉണ്ട്,ചില ആത്മാക്കൾക്ക് ജ്ഞാന അമൃതം വേണം, മറ്റ് ആത്മാക്കൾക്ക് ശക്തി വേണം, ഗുണം വേണം, താങ്കൾ കുട്ടികളുടെ അടുക്കൽ സർവ്വ അഖണ്ഡ ഖജനാക്കളും ഉണ്ട്. ഓരോരോ ആത്മാവിന്റെയും ആഗ്രഹം പൂർത്തീകരിക്കുന്നവരാണ്. ദിനംപ്രതി ദിനം സമയം സമാപ്തിയുടെ സമീപത്തേക്ക് വരുന്നത് കാരണത്താൽ ഇപ്പോൾ ആത്മാക്കൾ എന്തെങ്കിലും പുതിയ ആശ്രയം അന്വേഷിക്കുകയാണ്. അപ്പോൾ താങ്കൾ ആത്മാക്കൾ പുതിയ ആശ്രയം നൽകുന്നതിന് നിമിത്തം ആയിരിക്കുകയാണ്. ബാപ്ദാദ കുട്ടികളുടെ ഉണർവുൽസാഹം കണ്ട് സന്തുഷ്ടനാണ്. ഒരുവശത്ത് ആവശ്യകതയാണ് മറുവശത്ത് ഉണർവുൽസാഹമാണ്. ആവശ്യകതയുടെ സമയത്ത് ഒരു തുള്ളിക്കാണെങ്കിലും മഹത്വം ഉണ്ട്. അപ്പോൾ ഈ സമയം താങ്കൾ നൽകിയിട്ടുള്ള അഞ്ജലിക്കും സന്ദേശത്തിനും മഹത്വം ഉണ്ട്.

വർത്തമാന സമയത്ത് താങ്കളെല്ലാ കുട്ടികളുടെയും ദയാമനസ്ക ദാതാസ്വരൂപം പ്രത്യക്ഷമാകാനുള്ള സമയമാണ്. താങ്കൾ ബ്രാഹ്മണ ആത്മാക്കളുടെ അനാദി സ്വരൂപത്തിലും ദാതാ സംസ്കാരം നിറഞ്ഞിട്ടുണ്ട്. അതിനാൽ കൽപ്പ വൃക്ഷത്തിന്റെ ചിത്രത്തിൽ താങ്കളെ വൃക്ഷത്തിന്റെ വേരിൽ കാണിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ വേരിലൂടെ തന്നെയാണ് മുഴുവൻ വൃക്ഷത്തിലേക്ക് എല്ലാം എത്തിച്ചേരുന്നത്. താങ്കളുടെ ആദി സ്വരൂപം ദേവതാരൂപം, അതിന്റെ അർത്ഥം തന്നെയാണ് ദേവത അതായത് നൽകുന്നയാൾ. താങ്കളുടെ മധ്യ സ്വരൂപം പൂജ്യനീയ ചിത്രമാണ് എങ്കിൽ മധ്യസമയത്തിലും പൂജ്യനീയ സ്വരൂപത്തിൽ താങ്കൾ വരദാനം നൽകുന്ന, ആശീർവാദങ്ങൾ നൽകുന്ന, അനുഗ്രഹങ്ങൾ നൽകുന്ന ദാതാരൂപമാണ്. അപ്പോൾ താങ്കൾ ആത്മാക്കളുടെ വിശേഷ രൂപം തന്നെ ദാതാവിന്റെതാണ്. അതിനാൽ ഇപ്പോഴും പരമാത്മ സന്ദേശവാഹകരായി വിശ്വത്തിൽ ബാബയുടെ പ്രത്യക്ഷതയുടെ സന്ദേശം പരത്തുകയാണ്. ഓരോരോ ബ്രാഹ്മണ കുട്ടികളും പരിശോധിക്കൂ അനാദി ആദി ദാതാസംസ്കാരം ഓരോരുത്തരുടെയും ജീവിതത്തിൽ സദാ പ്രത്യക്ഷ രൂപത്തിൽ ഉണ്ടോ? ദാതാസംസ്കാരം ഉള്ള ആത്മാക്കളുടെ ലക്ഷണമാണ് അവർ ഒരിക്കലും ഇങ്ങനെ സങ്കല്പിക്കില്ല ആരെങ്കിലും നൽകിയാൽ നൽകട്ടെ, ആരെങ്കിലും ചെയ്താൽ ചെയ്യട്ടെ, ഇല്ല നിരന്തരം തുറന്ന ഭണ്ഡാരം ആയിരിക്കും. അപ്പോൾ ബാപ്ദാദ നാനാഭാഗത്തെയും കുട്ടികളുടെ ദാതാ സംസ്കാരം കാണുകയായിരുന്നു. എന്തായിരിക്കും കണ്ടിട്ടുണ്ടാവുക? യഥാക്രമം തന്നെയാണല്ലോ! ഒരിക്കലും ഇങ്ങനെ സങ്കല്പിക്കരുത്, ഇവർക്ക് ആകാമെങ്കിൽ ഞാനും ചെയ്യും. ദാതാ സംസ്കാരം ഉള്ളവർക്ക് സർവ്വ ഭാഗത്തുനിന്നും സഹയോഗം സ്വതവേ പ്രാപ്തമാകുന്നു. കേവലം ആത്മാക്കളിലൂടെ മാത്രമല്ല എന്നാൽ പ്രകൃതിയും സമയാനുസരണം സഹയോഗിയായി മാറുന്നു. ഇത് സൂക്ഷ്മ കണക്കാണ് ആര് സദാ ദാതാവ് ആകുന്നുവോ ആ പുണ്യത്തിന്റെ ഫലമായി സമയത്ത് സഹയോഗം, സമയത്ത് സഫലത ആ ആത്മാവിന് സഹജമായി പ്രാപ്തമാകുന്നു. അതിനാൽ സദാ ദാതാവിന്റെ സംസ്കാരം പ്രത്യക്ഷ രൂപത്തിൽ വയ്ക്കു. പുണ്യത്തിന്റെ കണക്ക് ഒന്നിന് 10 മടങ്ങ് ഫലം നൽകുന്നു. അപ്പോൾ മുഴുവൻ ദിവസത്തിൽ കുറിച്ചിടു സങ്കൽപ്പത്തിലൂടെ, വാക്കിലൂടെ, സംബന്ധ സമ്പർക്കത്തിലൂടെ പുണ്യാത്മാവായി പുണ്യത്തിന്റെ കണക്ക് എത്ര ശേഖരിച്ചു? മനസാ സേവനവും പുണ്യത്തിന്റെ കണക്ക് ശേഖരിക്കുന്നു. വാക്കിലൂടെ ഏതെങ്കിലും ദുർബല ആത്മാവിനെ സന്തോഷത്തിൽ കൊണ്ടുവരിക, പരവശരെ ലഹരിയുടെ സ്മൃതിയിലേക്ക് കൊണ്ടുവരിക, നിരാശരായ ആത്മാക്കളെ തന്റെ വാക്കുകളിലൂടെ ഉണർവ്വുൽസാഹത്തിൽ കൊണ്ടുവരിക, സംബന്ധ സമ്പർക്കത്തിലൂടെ ആത്മാവിന് തന്റെ ശ്രേഷ്ഠ സംഗത്തിന്റെ നിറം അനുഭവം ചെയ്യിക്കുക. ഈ വിധിയിലൂടെ പുണ്യത്തിന്റെ കണക്ക് ശേഖരിക്കുവാൻ സാധിക്കുന്നു. ഈ ജന്മത്തിൽ സമ്പാദിക്കുന്ന പുണ്യത്തിന്റെ ശേഖരണത്തിലൂടെ അരക്കല്പത്തേക്ക് ഇതിന്റെ ഫലം അനുഭവിക്കുന്നു. അരക്കൽപം താങ്കളുടെ ജഡചിത്രം പാപി ആത്മാക്കളെ വായുമണ്ഡലത്തിലൂടെ പാപങ്ങളിൽ നിന്ന് മുക്തമാക്കുന്നു. പതിതപാവനിയായി മാറുന്നു. അപ്പോൾ ബാപ്ദാദ ഓരോ കുട്ടികളുടെയും ശേഖരിക്കപ്പെട്ട പുണ്യത്തിന്റെ കണക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്.

ബാപ്ദാദ വർത്തമാന സമയത്തെ കുട്ടികളുടെ സേവനത്തിന്റെ ഉണർവുത്സാഹം കണ്ട് സന്തോഷിക്കുകയാണ്. ഭൂരിപക്ഷം കുട്ടികളിൽ സേവനത്തിന്റെ ഉണർവ് നല്ലതാണ്. എല്ലാവരും അവരവരുടെ ഭാഗത്തുനിന്നും സേവനത്തിന്റെ പദ്ധതി പ്രത്യക്ഷത്തിൽ കൊണ്ടുവരികയാണ്. ഇതിനുവേണ്ടി ബാപ്ദാദ ഹൃദയത്തിൽ നിന്നും ആശംസ നൽകുന്നു. നന്നായി ചെയ്തു കൊണ്ടിരിക്കുന്നു നന്നായി ചെയ്തു കൊണ്ടിരിക്കും . ഏറ്റവും നല്ല കാര്യം ഇതാണ് എല്ലാവരുടെയും സങ്കല്പവും സമയവും ബിസിയായിരിക്കുന്നു. ഓരോരു

ത്തർക്കും ഇതാണ് ലക്ഷ്യം നാനാ ഭാഗത്തെയും സേവനത്തിലൂടെ എല്ലാവരുടെയും പരാതികളെ തീർച്ച യായും ഇല്ലാതാക്കണം. ബ്രാഹ്മണരുടെ ദൃഢസങ്കൽപത്തിൽ വളരെ ശക്തിയുണ്ട്. അഥവാ ബ്രാഹ്മണർ ദൃഢസങ്കല്പം വെക്കുകയാണെങ്കിൽ എന്താണ് സാധിക്കാത്തത്! എല്ലാം സംഭവിക്കും, യോഗത്തിന്റെ ജ്വാലാരൂപം ഉണ്ടാക്കു. യോഗം ജ്വാലാരൂപമായി മാറും എങ്കിൽ ജ്വാലയ്ക്ക് പിറകെ ആത്മാക്കള് സ്വതവേ തന്നെ വന്നുചേരും. എന്തെന്നാൽ ജ്വാല (പ്രകാശം) ലഭിക്കുന്നതിലൂടെ അവർക്ക് വഴി കാണപ്പെടും. ഇപ്പോൾ യോഗം ചെയ്യുന്നുണ്ട് എന്നാൽ യോഗം ജ്വാലാരൂപം ആകണം. സേവനത്തിന്റെ ഉണർവ്വുത്സാഹം നന്നായി വർദ്ധിച്ചു കൊണ്ടിരിക്കുന്നുണ്ട് എന്നാൽ യോഗത്തിൽ ജ്വാലാരൂപം കൊണ്ടു വരുന്നതിൽ അടിവര ഇടണം. **താങ്കളുടെ ദൃഷ്ടിയിൽ ഇങ്ങനെയുള്ള തിളക്കം വരട്ടെ ദൃഷ്ടിയിലൂടെ എന്തെങ്കിലുമെന്തെങ്കിലും അനുഭൂതിയുടെ അനുഭവം ചെയ്യണം.**
വിദേശികൾ ചെയ്ത കോൾ ഓഫ് ടൈം എന്നതിന്റെ സേവനത്തിന്റെ വിധി ബാപ്ദാദയ്ക്ക് നല്ലതായി തോന്നി. ചെറിയൊരു സംഘടനയെ സമീപത്തേക്ക് കൊണ്ടുവന്നു. ഇങ്ങനെ ഓരോ സോണും ഓരോ സെന്ററും വ്യത്യസ്ത സേവനം ചെയ്തു കൊണ്ടിരിക്കുകയാണ്. എന്നാൽ ചിലർ സർവ്വ വിഭാഗത്തിലുള്ളവരുടെയും സംഘടനയെ തയ്യാറാക്കു. ബാപ്ദാദ പറഞ്ഞിരുന്നു ചിതറിപ്പോയ സേവനങ്ങൾ ധാരാളമുണ്ട് എന്നാൽ ചിതറിയ സേവനത്തിൽ നിന്നും കുറച്ചു സമീപം വരുന്ന യോഗ്യ ആത്മാക്കളുടെ സംഘടനയെ തയ്യാറാക്കൂ, സമയം പ്രതിസമയം ആ സംഘടനയെ സമീപത്തേക്ക് കൊണ്ടുവന്നു കൊണ്ടിരിക്കണം, അവർക്ക് സേവനത്തിന്റെ ഉണർവ് വർദ്ധിപ്പിക്കു. ബാപ്ദാദ കാണുകയാണ് ഇങ്ങനെയുള്ള ആത്മാക്കൾ ഉണ്ട് എന്നാൽ ഇപ്പോൾ ആ ശക്തിശാലിയായ പാലന, സംഘടിത രൂപത്തിൽ ലഭിക്കുന്നില്ല. വേറെ വേറെ യഥാശക്തി പാലന ലഭിച്ചുകൊണ്ടിരിക്കുന്നു, സംഘടനയിൽ പരസ്പരം കണ്ടുകൊണ്ടും ഉത്സാഹം വരുന്നു. ഇവർക്ക് ഇത് ചെയ്യാൻ സാധിക്കും. എനിക്കും ചെയ്യാൻ സാധിക്കും. ഞാനും ചെയ്യും അപ്പോൾ ഉത്സാഹം വരുന്നു. ബാപ്ദാദ ഇപ്പോൾ സേവനത്തിന്റെ പ്രത്യക്ഷ സംഘടിത രൂപം കാണുവാൻ ആഗ്രഹിക്കുന്നു. പരിശ്രമം നന്നായി ചെയ്തു കൊണ്ടിരിക്കുകയാണ്, ഓരോരുത്തരും തന്റെ തരക്കാരുടെ, സ്ഥലത്തിന്റെ, സോണിന്റെ, സെന്ററിന്റെ ചെയ്തുകൊണ്ടിരിക്കുകയാണ്, ബാപ്ദാദ സന്തോഷിക്കുന്നു. ഇപ്പോൾ കുറച്ച് മുന്നിലേക്ക് കൊണ്ടുവരു. ഗൃഹസ്ഥരുടെയും ഉത്സാഹം ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേരുന്നു. ഡബിൾ വിദേശികളുടെയും ഡബിൾ കാര്യത്തിൽ കഴിഞ്ഞ് സേവനത്തിൽ സ്വയത്തിന്റെ പുരുഷാർത്ഥത്തിൽ ഉത്സാഹം നന്നായി ഉണ്ട്. അത് കണ്ടിട്ടും ബാപ്ദാദ സന്തോഷിക്കുന്നു.

ബ്രാഹ്മണാത്മാക്കൾ വർത്തമാന അന്തരീക്ഷത്തെ കണ്ട് വിദേശത്ത് ഭയക്കുന്നില്ലല്ലോ? നാളെ എന്താകും നാളെ എന്താകും.... ഇത് ചിന്തിക്കുന്നില്ലല്ലോ? നാളെ നല്ലതാകും. നല്ലതാണ് നല്ലതേ വരൂ. എത്ര ലോകത്ത് ഇളക്കം ഉണ്ടായാലും അത്രതന്നെ താങ്കൾ ബ്രാഹ്മണരുടെ സ്ഥിതി അചഞ്ചലമാകും. ഇങ്ങനെയാണോ? നാളെ എന്തെങ്കിലും സംഭവിച്ചാലോ? അപ്പോഴും അചഞ്ചലം അല്ലേ! എന്താകും ഒന്നും ആകില്ല. താങ്കൾ ബ്രാഹ്മണർക്ക് മേൽ പരമാത്മ ഛത്രഛായയുണ്ട്. വാട്ടർപ്രൂഫിൽ എത്ര തന്നെ വെള്ളമായാലും വാട്ടർപ്രൂഫിലൂടെ വെള്ളം കടക്കാത്തത് പോലെ. ഇങ്ങനെ തന്നെ എത്രതന്നെ ഇളക്കങ്ങൾ ഉണ്ടായാലും പക്ഷേ ബ്രാഹ്മണ ആത്മാക്കൾ പരമാത്മഛത്ര ഛായക്കുള്ളിൽ സദാ പ്രൂഫ് ആണ്(സുരക്ഷിതമാണ്). നിശ്ചിന്ത ചക്രവർത്തി അല്ലേ! അതോ കുറേശ്ശെ കുറേശ്ശെ ചിന്തയുണ്ടോ, എന്താകും? അരുത്. നിശ്ചിന്തം. സ്വരാജ്യ അധികാരിയായി നിശ്ചിന്ത ചക്രവർത്തിയായി ഇളകാത്ത അചഞ്ചല ഇരിപ്പിടത്തിൽ സ്വസ്ഥമാകു. സീറ്റിൽ നിന്ന് താഴെ ഇറങ്ങാതിരിക്കു. അപ്സെറ്റ് ആകുക അർത്ഥം സീറ്റിൽ സെറ്റ് അല്ല അപ്പോൾ അപ്സെറ്റ് ആകുന്നു. സീറ്റിൽ സെറ്റ് ആരാണോ അവർ സ്വപ്നത്തിൽ പോലും അപ്സെറ്റ് ആവുകയില്ല.
മാതാക്കൾ എന്താണ് കരുതുന്നത്? സീറ്റിൽ സെറ്റ് ആകുവാൻ ഇരിക്കുവാൻ അറിയാമോ? ഇളക്കം ഉണ്ടാകുന്നില്ലല്ലോ! ബാപ്ദാദ കമ്പൈൻഡ് ആണ് സർവ്വശക്തിവാൻ താങ്കളുടെ കമ്പൈൻഡ് ആയി ഉള്ളപ്പോൾ താങ്കൾക്ക് എന്തിനാണ് ഭയം! ഒറ്റയ്ക്കാണെന്ന് കരുതുമ്പോഴാണ് ഇളക്കത്തിലേക്ക് വരിക. കമ്പൈൻഡ് ആയിരിക്കും എങ്കിൽ എത്ര തന്നെ ഇളക്കം ഉണ്ടാകട്ടെ, എന്നാൽ താങ്കൾ അചഞ്ചലമായിരിക്കും. ശരിയാണോ മാതാക്കളെ? ശരിയല്ലേ, കമ്പൈൻഡ് അല്ലേ! ഒറ്റയ്ക്കല്ലല്ലോ? ബാബയുടെ ഉത്തരവാദിത്തമാണ്, അഥവാ താങ്കൾ സീറ്റിൽ സെറ്റ് ആണെങ്കിൽ ബാബയ്ക്ക് ഉത്തരവാദിത്വം ഉണ്ട്. അപ്സെറ്റ് ആണെങ്കിൽ താങ്കളുടെ ഉത്തരവാദിത്തമാണ്.
ആത്മാക്കൾക്ക് സന്ദേശത്തിലൂടെ അഞ്ജലി നൽകിക്കൊണ്ടിരിക്കുകയാണെങ്കിൽ ദാതാ സ്വരൂപത്തിൽ സ്ഥിതിചെയ്യും എങ്കിൽ ദാതാവിന്റെ പുണ്യത്തിന്റെ ഫലമായി ശക്തി ലഭിച്ചുകൊണ്ടിരിക്കും. നടക്കുമ്പോഴും കറങ്ങുമ്പോഴും അവനവനെ ആത്മാവായി ചെയ്യിക്കുന്നയാളായി, ഈ കർമ്മേന്ദ്രിയങ്ങൾ ചെയ്യുന്ന കർമ്മചാരിയായി ഈ ആത്മാവിന്റെ സ്മൃതിയുടെ അനുഭവം സദാ പ്രത്യക്ഷ രൂപത്തിൽ ഉണ്ടാകണം, ഇങ്ങനെയാകരുത് ഞാൻ ആത്മാവ് തന്നെയാണല്ലോ. അല്ല സ്മൃതിയിൽ പ്രത്യക്ഷമാകണം. അപ്രത്യക്ഷ രൂപത്തിൽ ഉണ്ട്, പക്ഷേ പ്രത്യക്ഷ രൂപത്തിൽ ഉണ്ടായിരിക്കുന്നതിലൂടെ ആ ലഹരി, സന്തോഷം, നിയന്ത്രണ

ശക്തി ഉണ്ടായിരിക്കുന്നു. ആനന്ദവും വരുന്നു, എന്തുകൊണ്ട്? സാക്ഷിയായി കർമ്മം ചെയ്യിക്കുകയാണ്. അപ്പോൾ വീണ്ടും വീണ്ടും പരിശോധിക്കൂ  ചെയ്യിക്കുന്ന ആളായി കർമ്മം ചെയ്യിക്കുകയാണോ? രാജാവ് തന്റെ കർമ്മചാരികളെ ആജ്ഞയിൽ നിർത്തുന്നത് പോലെ, ആജ്ഞയിൽ ചെയ്യിക്കുന്നു, ഇങ്ങനെ ആത്മാവ് ചെയ്യിക്കുന്നയാളെന്ന സ്വരൂപത്തിന്റെ സ്മൃതി ഉണ്ടാകുകയാണെങ്കിൽ സർവ കർമ്മേന്ദ്രിയങ്ങളും ആജ്ഞയിൽ കഴിയും. മായയുടെ ആജ്ഞയിലല്ല, താങ്കളുടെ ആജ്ഞയിൽ കഴിയും. ഇല്ലെങ്കിൽ മായ കാണുന്നുണ്ട്  ചെയ്യിക്കുന്ന ആത്മാവ് അലസമായിരിക്കുന്നു എങ്കിൽ മായ ആജ്ഞാപിക്കാൻ തുടങ്ങുന്നു. ഇടയ്ക്ക് സങ്കല്പശക്തി, ഇടയ്ക്ക് നാവിന്റെ ശക്തി മായയുടെ ആജ്ഞ അനുസരിക്കുന്നു. അതിനാൽ സദാ ഓരോ കർമ്മേന്ദ്രിയങ്ങളെയും തന്റെ ആജ്ഞയിൽ നടത്തിക്കൂ.ഇങ്ങനെ പറയരുത് വേണമെന്ന് വെച്ചിരുന്നില്ല പക്ഷേ സംഭവിച്ചു പോയി.എന്ത് വേണമോ അതേ സംഭവിക്കൂ. ഇപ്പോൾ മുതൽ രാജ്യാധികാരി ആകുന്നതിന്റെ സംസ്കാരം നിറക്കുകയാണെങ്കിൽ അപ്പോഴേ അവിടെയും രാജ്യം നടത്തുകയുള്ളൂ. സ്വരാജ്യ അധികാരിയുടെ സീറ്റിൽ നിന്ന് ഒരിക്കലും താഴെ വരാതിരിക്കൂ. അഥവാ കർമ്മേന്ദ്രിയങ്ങൾ ആജ്ഞയിൽ കഴിയുകയാണെങ്കിൽ ഓരോ ശക്തിയും താങ്കളുടെ ആജ്ഞയിൽ കഴിയും. ഏത് ശക്തി ഏത് സമയത്ത് ആവശ്യമാണോ ആ സമയം ശരി ഹാജർ എന്നാകും. ഇങ്ങനെ ആകരുത് കാര്യം കഴിഞ്ഞു താങ്കൾ ആജ്ഞാപിച്ചു സഹനശക്തി വരൂ. കാര്യം കഴിഞ്ഞുപോയി പിന്നീടാണ് വിളിക്കുന്നത്. ഓരോ ശക്തിയും താങ്കളുടെ ആജ്ഞയിൽ ഹാജരാകും എന്തെന്നാൽ ഈ ഓരോ ശക്തിയും പരമാത്മ ദാനമാണ്. അപ്പോൾ പരമാത്മ ദാനം താങ്കളുടെ വസ്തുവായി. അപ്പോൾ താങ്കളുടെ വസ്തു എങ്ങനെ തന്നെ ഉപയോഗിച്ചാലും, എപ്പോൾ ഉപയോഗിച്ചാലും ഇങ്ങനെ ഈ സർവ്വ ശക്തികൾ താങ്കളുടെ ആജ്ഞയിൽ കഴിയും സർവ്വ കർമ്മേന്ദ്രങ്ങളും താങ്കളുടെ ആജ്ഞയിൽ കഴിയും ഇതിനെയാണ് പറയുന്നത് സ്വരാജ്യ അധികാരി മാസ്റ്റർ സർവ്വശക്തിവാൻ. ഇങ്ങനെയാണോ പാണ്ഡവർ? മാസ്റ്റർ സർവ്വശക്തിവാനുമാണ് സ്വരാജ്യ അധികാരിയുമാണ്. ഇങ്ങനെ പറയരുത്  വായിൽ നിന്ന് വന്നു പോയി. ആര് ആജ്ഞ നൽകിയിട്ടാണ് വന്നു പോയത്. കാണാൻ ആഗ്രഹിച്ചിരുന്നില്ല, കണ്ടു പോയി.ചെയ്യാൻ ആഗ്രഹിച്ചിരുന്നില്ല, ചെയ്തു പോയി. ഇത് ആരുടെ ആജ്ഞയിലാണ് നടക്കുന്നത്? ഇതിനെ അധികാരി എന്ന് പറയുമോ അധീനം എന്ന് പറയുമോ? അപ്പോൾ അധികാരി ആകൂ അധീനമല്ല. ശരി

ബാപ്ദാദ പറയുന്നു ഇപ്പോൾ മധുബനിൽ എല്ലാവരും വളരെ വളരെ സന്തുഷ്ടരാണ് ഇങ്ങനെ തന്നെ സന്തോഷത്തോടെ ആനന്ദത്തോടെ കഴിയുക. ആത്മീയ റോസാ പുഷ്പമാണ്. നോക്കു നാനാഭാഗത്തും നോക്കൂ എല്ലാ ആത്മീയ റോസാ പുഷ്പങ്ങളും വിടർന്നിരിക്കുന്ന റോസാ പുഷ്പങ്ങളാണ്. വാടിയവയല്ല വിടർന്ന റോസാപ്പൂ. അപ്പോൾ സദാ ഇങ്ങനെ തന്നെ സൗഭാഗ്യശാലികളും സന്തുഷ്ട മുഖത്തോടെയും കഴിയുക. ആരെങ്കിലും താങ്കളുടെ മുഖത്ത് നോക്കിയാൽ താങ്കളോട് ചോദിക്കണം എന്താണ് താങ്കൾക്ക് ലഭിച്ചത് വളരെ സന്തോഷം ഉണ്ടല്ലോ! ഓരോരുത്തരുടെയും മുഖം ബാബയുടെ പരിചയം നൽകണം. ചിത്രം പരിചയം നൽകുന്നതുപോലെ താങ്കളുടെ മുഖം ബാബയുടെ പരിചയം നൽകട്ടെ ബാബയെ ലഭിച്ചു എന്ന്. ശരി

എല്ലാവർക്കും സുഖമാണോ? വിദേശത്തുള്ളവരും എത്തിച്ചേർന്നിട്ടുണ്ട്. ഇവിടെ നല്ലതായി തോന്നുന്നില്ലേ? (മോഹിനി ബഹൻ, ന്യൂയോർക്ക് ) പരാതി കേൾക്കുന്നതിൽ നിന്നും രക്ഷപ്പെട്ടു. വളരെ നല്ലത് എല്ലാവരും ഒന്നിച്ച് എത്തിച്ചേർന്നു. വളരെ നന്നായി ചെയ്തു. ശരി ഡബിൾ വിദേശികളെ ഡബിൾ ലഹരിയില്ലേ! പറയൂ ഇത്രയും ലഹരിയാണ് ഹൃദയം പറയുന്നുണ്ട്  ജീവിക്കുകയാണെങ്കിൽ ഡബിൾ വിദേശി ആയി തന്നെ ഇരിക്കണം. ഡബിൾ ലഹരിയാണ് സ്വരാജ്യ അധികാരിയിൽ നിന്ന് വിശ്വ അധികാരി. ഡബിൾ ലഹരി ആണല്ലോ! ബാപ്ദാദയ്ക്കും നന്നായി തോന്നുന്നു. അഥവാ ഏതെങ്കിലും ഗ്രൂപ്പിൽ ഡബിൾ വിദേശി ഇല്ലെങ്കിൽ നന്നായി തോന്നുകയില്ല. വിശ്വത്തിന്റെ പിതാവ് അല്ലേ അപ്പോൾ വിശ്വത്തിൽ ഉള്ളവർ വേണ്ടേ! എല്ലാവരും വേണം. മാതാക്കൾ ഇല്ലെങ്കിലും തെളിച്ചമില്ല. പാണ്ഡവർ ഇല്ലെങ്കിലും തെളിച്ചം കുറഞ്ഞു പോകുന്നു. നോക്കൂ ഏത് സെൻററിൽ ഒരു പാണ്ഡവരും ഇല്ലയോ കേവലം മാതാക്കൾ മാത്രമാണോ എങ്കിൽ നന്നായി തോന്നുമോ! അതുപോലെ കേവലം പാണ്ഡവരാണ് ശക്തികൾ ഇല്ല എങ്കിലും സേവാ കേന്ദ്രത്തിന്റെ അലങ്കാരമുണ്ടാകുന്നില്ല. ഇരുവരും വേണം. കുട്ടികളും വേണം. കുട്ടികൾ പറയുന്നു ഞങ്ങളുടെ പേര് എന്തുകൊണ്ട് എടുക്കുന്നില്ല. കുട്ടികൾക്കും ഉണ്ട് തിളക്കം.

ശരി ഇപ്പോൾ ഒരു സെക്കൻഡിൽ നിരാകാരി ആത്മാവായി നിരാകാര ബാബയുടെ ഓർമ്മയിൽ ലൗലീനമായിരിക്കൂ. (ഡ്രിൽ)

നാനാഭാഗത്തും ഉള്ള സർവ്വ സ്വരാജ്യ അധികാരി, സദാ സാക്ഷിയുടെ സീറ്റിൽ സെറ്റായി കഴിയുന്ന ഇളകാത്ത അചഞ്ചല ആത്മാക്കൾ, സദാ ദാതാവിന്റെ സ്മൃതിയിലൂടെ സർവർക്കും ജ്ഞാനം, ശക്തികൾ, ഗുണങ്ങൾ നൽകുന്നവരായ ദയാമനസ്ക ആത്മാക്കൾക്ക്, സദാ തന്റെ മുഖത്തിലൂടെ ബാബയുടെ ചിത്രം കാണിക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ സൗഭാഗ്യശാലി, സന്തുഷ്ടരായി കഴിയുന്ന ആത്മീയ റോസാ

പുഷ്പങ്ങളായ കുട്ടികൾക്ക് സ്നേഹ സ്മരണകളും, നമസ്തേയും.

ദാദിമാരോട് : (സേവനത്തിനൊപ്പം എല്ലാ ഭാഗത്തും 108 മണിക്കൂർ യോഗത്തിന്റെയും നല്ല പരിപാടി നടന്നുകൊണ്ടിരിക്കുന്നു ) ഈ യോഗ ജ്വാലയിലൂടെ തന്നെ വിനാശ ജ്വാല ശക്തിയിൽ വരും. ഇപ്പോൾ നോക്കൂ പരിപാടി ഉണ്ടാക്കുന്നു പിന്നീട് ആലോചനയിൽ വീണുപോകുന്നു. യോഗത്തിലൂടെ വികർമ്മം വിനാശമാകും, പാപ കർമ്മത്തിന്റെ ഭാരം ഭസ്മം ആകും. സേവനത്തിലൂടെ പുണ്യത്തിന്റെ കണക്ക് ശേഖരിക്കപ്പെടും. അപ്പോൾ പുണ്യത്തിന്റെ കണക്ക് ശേഖരിച്ചുകൊണ്ടിരിക്കുകയാണ് എന്നാൽ മുൻപേ എന്താണോ കുറച്ച് സംസ്കാരത്തിന്റെ ഭാരമുള്ളത് അത് യോഗ ജ്വാലയിലൂടെയാണ് ഭസ്മം ആവുക. സാധാരണ യോഗത്തിലൂടെ അല്ല. ഇപ്പോൾ എന്താണ് യോഗം വയ്ക്കുന്നുണ്ട് പക്ഷേ പാപം ഭസ്മം ആകുന്നതിന്റെ ജ്വാലാരൂപമില്ല. അതിനാൽ കുറച്ച് സമയം തീരുമ്പോൾ പിന്നീട് പുറത്തേക്ക് വരുന്നു. അതിനാൽ രാവണനെ നോക്കൂ അടിക്കുന്നു,കത്തിക്കുന്നു, പിന്നീട് എല്ലുകൾ പോലും വെള്ളത്തിൽ ഇടുന്നു. തീർത്തും ഭസ്മം ആകട്ടെ മുമ്പത്തെ സംസ്കാരം, ദുർബല സംസ്കാരം തീർത്തും ഭസ്മമാകട്ടെ, ഭസ്മം ആയിട്ടില്ല, മരിക്കുന്നുണ്ട് എന്നാൽ ഭസ്മം ആകുന്നില്ല. അടിച്ച ശേഷം വീണ്ടും ജീവൻ വയ്ക്കുന്നു. സംസ്കാര പരിവർത്തനത്തിലൂടെ സംസാര പരിവർത്തനം ഉണ്ടാകും. ഇപ്പോൾ സംസ്കാരങ്ങളുടെ ലീല നടക്കുകയാണ്. സംസ്കാരം ഇടയ്ക്കിടെ പ്രത്യക്ഷമാകുന്നില്ലേ! പേരടയാളം പോലും ഇല്ലാതാകട്ടെ, സംസ്കാരപരിവർത്തനം ഇതാണ് വിശേഷിച്ചും അടിവരയിടേണ്ട കാര്യം. സംസ്കാര പരിവർത്തനം ഇല്ലെങ്കിൽ വ്യർത്ഥസങ്കൽപവും ഉണ്ട്. വ്യർത്ഥ സമയവും ഉണ്ട്, വ്യർത്ഥമായി എല്ലാം നഷ്ടപ്പെടുന്നു. ഉണ്ടാവേണ്ടത് തന്നെയാണ്. സംസ്കാരമിലനത്തിന്റെ മഹാ നൃത്തം പാടപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നൃത്തം ഉണ്ടാകുന്നു മഹാനൃത്തം ഉണ്ടായിട്ടില്ല.( മഹാ നൃത്തം എന്തുകൊണ്ട് ഉണ്ടാകുന്നില്ല?) അടിവരയില്ല, ദൃഢതയില്ല. ആലസ്യം പലപല തരത്തിലുണ്ട്. ശരി

**വരദാനം : കർമ്മയോഗിയായി ഓരോ സങ്കല്പം, വാക്ക്, കർമ്മം ശ്രേഷ്ഠമാക്കുന്ന നിരന്തര യോഗിയായി ഭവിക്കട്ടെ.**

കർമ്മയോഗി ആത്മാവിന്റെ ഓരോ കർമ്മവും യോഗയുക്തവും യുക്തിയുക്തവും ആയിരിക്കും. അഥവാ ഏതെങ്കിലും കർമ്മം യുക്തിയുക്തമാകുന്നില്ല എങ്കിൽ മനസ്സിലാക്കൂ യോഗയുക്തമല്ല. അഥവാ സാധാരണമോ വ്യർത്ഥമോ കർമ്മം ഉണ്ടാകുന്നുവെങ്കിൽ നിരന്തര യോഗി എന്ന് പറയില്ല. കർമ്മയോഗി അർത്ഥം ഓരോ സെക്കന്റ്, ഓരോ സങ്കല്പം, ഓരോ വാക്ക് സദാ ശ്രേഷ്ഠമാകണം. ശ്രേഷ്ഠകർമ്മത്തിന്റെ ലക്ഷണമാണ് സ്വയം സന്തുഷ്ടം, മറ്റുള്ളവരും സന്തുഷ്ടം. ഇങ്ങനെയുള്ള ആത്മാവ് തന്നെയാണ് നിരന്തരയോഗിയാകുന്നത്.

**സ്ലോഗൻ – സ്വയംപ്രിയർ, ലോകപ്രിയർ, പ്രഭുപ്രിയരായ ആത്മാക്കൾ തന്നെയാണ് വരദാനിമൂർത്തികൾ.**